### (5) ബഫല്ലോ ബ്രീഡിംഗ് ഫാം വകസ്ഥലത്ത് പുനരധിവസിക്കപ്പെട്ട ആദിവാസി കുടുംബങ്ങൾക്ക് തൊഴിൽ-ജീവന സാഹചര്യങ്ങൾ ലഭ്യമാക്കൽ

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, പത്തനാപുരം നിയോജക മണ്ഡലത്തിൽ പിറവന്തൂർ ഗ്രാമ പഞ്ചായത്തിൽ കുര്യോട്ടമലബഫല്ലോ ബ്രീഡിംഗ് ഫാം അനുദിനം ക്ഷയിച്ചു കൊണ്ടിരിക്കുകയാണ്. സ്ഥാപനത്തോട് ചേർന്ന് ഏതാണ്ട് നൂറ് ഏക്കർ സ്ഥലം കൊല്ലം ജില്ലയിൽ ആദിവാസികൾക്ക് ഭൂമി നൽകുന്നതിന്റെ ഭാഗമായി അടുത്ത സമയത്ത് വിതരണം ചെയ്തു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്ന് ആദിവാസി കുടുംബങ്ങൾ അവിടെവന്ന് താമസം ആരംഭിച്ചു. ബഫല്ലോ ബ്രീഡിംഗ് ഫാമിനെ നവീകരിക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി ഈ ആദിവാസി കുടുംബങ്ങൾക്ക് അവിടെ തൊഴിൽ ചെയ്യാനുള്ള അവസരം ഉണ്ടാക്കി കൊടുക്കുകയും ചെയ്ത്, ഇപ്പോൾ വൻ നഷ്ടത്തിൽ പോയിക്കൊണ്ടിരിക്കുന്ന ബഫല്ലോ ബ്രീഡിംഗ് ഫാമിനെ ഒന്ന് പുനരുദ്ധരിച്ച് അതിന്റെ ചുറ്റുപാടുമുള്ള കൃഷിത്തോട്ടം ആധുനിക കൃഷി സൗകര്യങ്ങളോടെ നവീകരിച്ച് നടപ്പിലാക്കുവാൻ കൃഷിവകുപ്പ് നടപടി സ്വീകരിക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, കൊല്ലം ജില്ലയിലെ കുര്യോട്ടുമല ബഫല്ലോ ബ്രീഡിംഗ് ഫാം ആനിമൽ ഹസ്ബൻഡറി ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ളതാണ്. 288 ഏക്കർ ഭൂമി ഉണ്ടായിരുന്നു. അതിൽ 100 ഏക്കർ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യാൻ കൊടുത്തു. 114 ഏക്കർ വിതരണം ചെയ്തു. ഇന്നിപ്പോൾ ഈ ഫാമിൽ ആവശ്യമായിട്ടുള്ള തൊഴിലാളികളുണ്ട്. അവിടെയുള്ള ബഫല്ലോകളെയും പശുക്കളെയും ആടുകളെയുമൊക്കെ നോക്കുന്നതിന് ആവശ്യമായിട്ടുള്ള തൊഴിലാളികളുണ്ട്. ഏതാണ്ട് പതിനാറ് തൊഴിലാളികളുണ്ട്. അതുകൊണ്ട് ഇപ്പോൾ പുതുതായി തൊഴിലാളികളെ ആവശ്യമില്ല. കൂടുതൽ തൊഴിലാളികളെ ആവശ്യമുണ്ടെങ്കിൽ ഗിരിവർഗ്ഗക്കാരിൽനിന്നും റിക്രൂട്ട് ചെയ്യാമോ എന്ന് പരിശോധിക്കാം.

### (6) താമരശ്ശേരി ആസ്ഥാനമാക്കി ഒരു ഫയർ സ്റ്റേഷൻ അനുവദിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. മോയിൻകുട്ടി : സർ, താമരശ്ശേരി വളരെയേറെ ജനസാന്ദ്രതയുള്ള ഒരു പ്രദേശമാണ്. വയനാട് റോഡിൽ ദേശീയപാത 212 ൽ താമരശ്ശേരി അങ്ങേയ്ക്ക് അറിയാവുന്ന പ്രദേശമാണ്. ഒരു ഫയർ സ്റ്റേഷൻ ഇല്ലാത്തതുകൊണ്ട് വളരെയേറെ പ്രയാസം അനുഭവിക്കുന്നു. മലയോര മേഖലകളും അതുപോലെതന്നെ വളരെ വിസ്തൃതമായിട്ടുള്ള കുടിയേറ്റ പ്രദേശവുമൊക്കെ ഉൾക്കൊള്ളുന്ന ആസ്ഥാന കേന്ദ്രമായിട്ടുള്ള താമരശ്ശേരിയിൽ അടിയന്തിരമായി ഒരു ഫയർ സ്റ്റേഷൻസ്ഥാപിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. വയനാട് റോഡിൽ വയനാട് ചുരം കയറി പോകുന്നതിനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് കോഴിക്കോട് എത്തുന്നതുവരെയുള്ള ദൂരം

LIBRARY ARCHIVES Kerala Legislative Assembly